**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 52

26-02-2018-ൽ മറുപടി നൽകേണ്ടിയിരുന്നത്

## മുഖ്യമന്ത്രിയുടെ ഉപദേഷ്ടാക്കൾ

**ചോദ്യം**

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ.അനിൽ അക്കര

**മറുപടി**

പിണറായി വിജയൻ

(മുഖ്യമന്ത്രി)

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">മറുപടി</th></tr>
<tr><td>(എ)</td><td>മുഖ്യമന്ത്രിക്ക് നിലവിൽ എത്ര ഉപദേഷ്ടാക്കളുണ്ട് : അവർ ആരെല്ലാമാണെന്നും ഏതെല്ലാം വിഷയങ്ങൾ ഉപദേശിക്കുന്നതിനായാണ് നിയമിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;</td><td>എ)</td><td><table>
<tr><th>ക്രമ നം</th><th>ഉപദേഷ്ടാവ്</th><th>പേര്</th></tr>
<tr><td>1</td><td>ആഭ്യന്തര വകുപ്പിനെ സംബന്ധിച്ച ഉപദേഷ്ടാവ്</td><td>ശ്രീ.രമൺ ശ്രീവാസ്തവ</td></tr>
<tr><td>2</td><td>ശാസ്ത്ര ഉപദേഷ്ടാവ്</td><td>ശ്രീ. എം. ചന്ദ്രദത്തൻ</td></tr>
<tr><td>3</td><td>സാമ്പത്തിക ഉപദേഷ്ടാവ്</td><td>ശ്രീമതി. ഗീതാ ഗോപിനാഥ്</td></tr>
<tr><td>4</td><td>നിയമ ഉപദേഷ്ടാവ്</td><td>ഡോ.എൻ.കെ. ജയകുമാർ</td></tr>
<tr><td>5</td><td>മീഡിയ ഉപദേഷ്ടാവ്</td><td>ശ്രീ. ജോൺ ബ്രിട്ടാസ്</td></tr>
<tr><td>6</td><td>പ്രസ്സ് അഡ്വൈസർ</td><td>ശ്രീ. പ്രഭാകര വർമ്മ</td></tr>
</table></td></tr>
<tr><td>(ബി)</td><td>പ്രസ്തുത ഉപദേഷ്ടാക്കളിൽ സർക്കാർ ഖജനാവിൽ നിന്നും ശമ്പളം പറ്റുന്ന എത്ര പേരുണ്ട് ; ഓരോരുത്തർക്കും ശമ്പളം , യാത്രബത്ത, മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ഇനത്തിൽ ഇതുവരെ നൽകിയ തുക എത്രയാണ് ;</td><td>ബി)</td><td>രണ്ടു പേർ.<br>ശ്രീ.എൻ.കെ ജയകുമാറിന് ശമ്പളയിനത്തിൽ 20,86,813/- രൂപയും, ശ്രീ.പ്രഭാകരവർമ്മയ്ക്ക് 21,46,980/- രൂപയും ജനുവരി 2018 വരെ നൽകിയിട്ടുണ്ട്. മറ്റ് സാമ്പത്തികാനുകൂല്യങ്ങൾ നൽകിയിട്ടില്ല.</td></tr>
<tr><td>സി)</td><td>ശമ്പളം പറ്റാത്ത ഉപദേഷ്ടാക്കൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; പ്രസ്തുത ആനുകൂല്യങ്ങൾ നൽകുന്നതിന് അവരോരുത്തർക്കും വേണ്ടി ഇതിനകം എന്ത് തുക ചെലവഴിച്ചിട്ടുണ്ട് ;</td><td>സി)</td><td>ശ്രീ.എം.ചന്ദ്രദത്തൻ, ശ്രീമതി.ഗീതാ ഗോപിനാഥ്, ശ്രീ.ജോൺ ബ്രിട്ടാസ് എന്നിവർക്ക് പ്രിൻസിപ്പൽ സെക്രട്ടറി സ്റ്റാറ്റസും ശ്രീ.രമൺ ശ്രീവാസ്തവയ്ക്ക് ചീഫ് സെക്രട്ടറി സ്റ്റാറ്റസും നൽകിയിട്ടുണ്ട്. യാത്രചെലവിനത്തിൽ ശ്രീമതി. ഗീതാ ഗോപിനാഥിന് 4,22,777/- രൂപ നൽകിയിട്ടുണ്ട്. ശമ്പളം പറ്റാത്ത ഉപദേഷ്ടാക്കൾക്ക് മറ്റ് ഇനങ്ങളിൽ തുക ചെലവഴിച്ചിട്ടില്ല.</td></tr>
</table>

| | | | |
|---|---|---|---|
| ഡി) | ഏതെങ്കിലും ഉപദേഷ്ടാക്കൾക്ക് സർക്കാർ വകുപ്പുകളിൽ നിന്നും ഡ്രൈവർമാരുടെ സേവനം നൽകിയിട്ടുണ്ടോ: ഉണ്ടെങ്കിൽ വിശദാംശം നൽകുമോ: | ഡി) | വിനോദ സഞ്ചാര വകുപ്പിൽ നിന്നും മുഖ്യമന്ത്രിയുടെ ശാസ്ത്ര ഉപദേഷ്ടാവ്, നിയമ ഉപദേഷ്ടാവ് എന്നിവർക്ക് ഓരോ വാഹനം വീതം നൽകിയിട്ടുണ്ട്. ആഭ്യന്തര വകുപ്പിനെ സംബന്ധിച്ച ഉപദേഷ്ടാവായ ശ്രീ.രമൺ ശ്രീവാസ്തവയ്ക്ക് പോലീസ് വകുപ്പിൽ നിന്നും വാഹന സൗകര്യം ലഭ്യമാക്കി വരുന്നു. |
| ഇ) | സോളാർ അന്വേഷണ കമ്മീഷൻ റിപ്പോർട്ടിന്മേൽ പത്ര സമ്മേളനം വിളിച്ച് നടപടി പ്രഖ്യാപിക്കുന്നതിന് മുമ്പ് മുഖ്യമന്ത്രി ആരിൽ നിന്നെങ്കിലും ഉപദേശം തേടിയിരുന്നോ: എങ്കിൽ അവർ നൽകിയ ഉപദേശം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ? | ഇ) | ഈ വിഷയത്തിൽ ഉപദേശകരിൽ നിന്നും ഉപദേശം തേടിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**